"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതശിശു വികസന വകുപ്പ്- ''വിമൺ ഹെല്പ്പ് ലൈൻ പദ്ധതി'' 2024-25 സാമ്പത്തിക വർഷം നടപ്പാക്കുന്നതിനുള്ള കേന്ദ്ര റിലീസ് തുക വിനിയോഗിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതശിശു വികസന (ബി)വകുപ്പ്**

സ.ഉ.(സാധാ) നം.399/2024/WCDD തീയതി,തിരുവനന്തപുരം, 14-10-2024

---

പരാമർശം:- 1. 11/09/2024-ലെ നം. WW-24/3/2015-WW (e-210) നമ്പർ കേന്ദ്ര സർക്കാർ കത്ത്.

2. വനിതശിശു വികസന ഡയറക്ടറുടെ 28.09.2024-ലെ DWCD/3586/2024-WEC4 നമ്പർ കത്ത്.

**ഉത്തരവ്**

കേന്ദ്രാവിഷ്കൃത പദ്ധതിയായ മിഷൻ ശക്തി പദ്ധതിയിലെ ഘടകമായ വിമൺ ഹെല്പ്പ് ലൈൻ പദ്ധതി 2024-25 വർഷം നടപ്പാക്കുന്നതിന്റെ ഭാഗമായി Quarter 1 (April-June) , Quarter 2 (July-Sept) എന്നിവയ്ക്ക് ഒരു Quarter ന് 13,80,000/- രൂപ വീതം ആകെ 27,60,000/- രൂപ കേന്ദ്ര റിലീസ് തുക പരാമർശം (1) പ്രകാരം ലഭ്യമായിട്ടുണ്ട്. 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ വിമൺ ഹെല്പ്പ് ലൈൻ പദ്ധതി നടപ്പാക്കുന്നതിനായി വനിത ശിശു വികസന ഡയറക്ടറുടെ പേരിൽ SNA അക്കൗണ്ട് ആരംഭിക്കുകയും, പദ്ധതി നിർവഹണത്തിനായി കേരള സംസ്ഥാന വനിത വികസന കോർപ്പറേഷന്റെ പേരിൽ child account ആരംഭിക്കുകയും PFMS മുഖേന മാപ്പ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടി പദ്ധതി നടപ്പാക്കുന്നതിനായി 2235-02-103-44-01 (P) ശീർഷകം ലഭ്യമാകുകയും നടപ്പ് സാമ്പത്തിക വർഷം ടി ശീർഷകത്തിൽ 72,00,000/- രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ആയതിൽ നിന്നും കേന്ദ്ര സർക്കാരിൽ നിന്നുള്ള റീലീസ് തുക SNA യിൽ നിക്ഷേപിച്ച് വിനിയോഗിക്കാവുന്നതാണെന്നും ടി സാഹചര്യത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ മിഷൻ ശക്തി പദ്ധതിയിലെ ഘടകമായ വിമൺ ഹെൽപ് ലൈൻ പദ്ധതി 2024-25 വർഷം നടപ്പാക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച ആകെ 27,60,000/-

രൂപ (ഇരുപത്തിയേഴ് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷം 2235-02-103-44-01 (P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വിനിയോഗിക്കുന്നതിനും, ടി തുക ടി പദ്ധതി നടപ്പാക്കുന്നതിനായി വനിത ശിശു വികസന ഡയറക്ടറുടെ പേരിൽ ആരംഭിച്ചിട്ടുള്ള SNA അക്കൗണ്ടിൽ നിക്ഷേപിച്ച് ടി പദ്ധതി നിർവഹണം നടപ്പാക്കുന്ന കേരള സംസ്ഥാന വനിത വികസന കോർപ്പറേഷന് PFMS-child account മുഖേന അനുവദിക്കുന്നതിനും അനുമതി നൽകി ഉത്തരവാകണമെന്ന് വനിതശിശു വികസന ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ വിമൺ ഹെൽപ് ലൈൻ പദ്ധതി 2024-25 വർഷം നടപ്പാക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച ആകെ 27,60,000/- രൂപ 2235-02-103-44-01 (P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വിനിയോഗിക്കുന്നതിനും, ടി തുക ടി പദ്ധതി നടപ്പാക്കുന്നതിനായി വനിത ശിശു വികസന ഡയറക്ടറുടെ പേരിൽ ആരംഭിച്ചിട്ടുള്ള ചുവടെ ചേർത്തിട്ടുള്ള SNA അക്കൗണ്ടിൽ നിക്ഷേപിച്ച് ടി പദ്ധതി നിർവഹണം നടപ്പാക്കുന്ന കേരള സംസ്ഥാന വനിത വികസന കോർപ്പറേഷന് PFMS-child account മുഖേന അനുവദിക്കുന്നതിനും അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

A/c Number : 110143840940

Account Name: DIRECTOR WCD DEPT WOMEN HELP LINE

Bank : Canara Bank, Thirumala Branch

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
Date: 14-10-2024 13:53:52

സെക്ഷൻ ഓഫീസർ